മാതൃഭൂമി

07 May 2020

# ഹോട് സ്പോട്ട്: മത്സ്യ ലാൻഡിങ് സെന്ററുകളുടെ ഡേറ്റാബേസുമായി സി.എം.എഫ്.ആർ.ഐ.

കൊച്ചി ▸ സംസ്ഥാനത്തെ ഫിഷ് ലാൻഡിങ് സെൻററുകൾ കൊറോണ ഹോട് സ്പോട്ടുകളുമായുള്ള സാമീപ്യം വ്യക്തമാക്കുന്ന ഓൺലൈൻ ഡേറ്റാബേസ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പുറത്തിറക്കി. ഹോട് സ്പോട്ടുകളുമായുള്ള ദൂരപരിധിക്കനുസരിച്ച് കേരളത്തിലെ മൊത്തം 156 ഫിഷ് ലാൻഡിങ് സെൻററുകളെ വിവിധ നിറവ്യത്യാസങ്ങളിൽ തരംതിരിച്ച ജി.ഐ.എസ്. ഡേറ്റാബേസാണ് സി.എം.എഫ്.ആർ.ഐ. തയ്യാറാക്കിയിരിക്കുന്നത്. സി.എം.എഫ്.ആർ.ഐ.യുടെ വെബ് സൈറ്റിൽ(www.cmfri.org.in) ഇൻഫോഗ്രാഫിക്സ് വിഭാഗത്തിൽ നൽകിയിട്ടുള്ള ഓൺലൈൻ ഡേറ്റാബേസിലൂടെ ഓരോ ലാൻഡിങ് സെൻററും ഹോട് സ്പോട്ടുകളുമായി എത്ര അടുപ്പമുണ്ടെന്ന് മനസ്സിലാക്കാം.

ഹോട് സ്പോട്ടുകളുടെ നിർണയത്തിൽ മാറ്റം വരുന്നതിനനുസരിച്ച് സി.എം.എഫ്.ആർ.ഐ. ഡേറ്റാബേസിലും മാറ്റം വരുത്തും. മത്സ്യമേഖലയിലെ കൊറോണ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് ജി.ഐ.എസ്. ഡേറ്റാബേസ് പ്രയോജനകരമാകുമെന്നാണ് പ്രതീക്ഷയെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞരായ ഡോ. ജെ. ജയശങ്കർ, ഡോ. ഷെൽട്ടൺ പാദുവ, ഡോ. സി. രാമചന്ദ്രൻ, ഡോ. എം.എ. പ്രദീപ് എന്നിവരടങ്ങുന്ന സംഘമാണ് ജി.ഐ.എസ്. ഡേറ്റാബേസ് വികസിപ്പിച്ചത്.